**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ആലപ്പുഴ നഗരസഭ - ജീവനക്കാരുടെ ശമ്പളം നൽകാതെ തടഞ്ഞ് വച്ചത് സംബന്ധിച്ച പരാതി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

G.O.(Rt)No. 3772/2017/LSGD തീയതി,തിരുവനന്തപുരം, 23/11/2017

പരാമർശം:- കേരളാ മുനിസിപ്പൽ ആന്റ് കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ.കെ.കെ.ശശികുമാർ സമർപ്പിച്ച 15.11.2017 തീയതിയിലെ പരാതി.

**<u>ഉത്തരവ്</u>**

ആലപ്പുഴ നഗരസഭയിലെ നിരപരാധികളായ 4 ജീവനക്കാരെ 2017 സെപ്റ്റംബർ 22ന് ചെയർമാൻ നടപടിക്രമങ്ങൾ പാലിക്കാതെ സസ്പെന്റ് ചെയ്തതിൽ പ്രതിഷേധിച്ച് ജീവനക്കാർ സെപ്റ്റംബർ 23-ന് നോട്ടീസ് നൽകി പണിമുടക്കുകയും തുടർന്ന് സെപ്റ്റംബർ 25, 26, 27, 28 തീയതികളിൽ ഓഫീസ് ഒഴിവ് സമയങ്ങളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് ഒക്ടോബർ 4-ന് നഗരസഭയ്ക്കു മുമ്പിൽ ജീവനക്കാർ ലീവെടുത്ത് ധർണ്ണ സംഘടിപ്പിച്ചു. ഒക്ടോബർ 4-ന് ചെയർമാനും സംഘടനയുമായി നടത്തിയ ചർച്ചയെ തുടർന്നുണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ ഉത്തരവ് റദ്ദാക്കുകയും ചെയ്തു. ഇതേത്തുടർന്ന് ജീവനക്കാർ പ്രതിഷേധ സമരം അവസാനിപ്പിച്ചു.

2 . എന്നാൽ നഗരസഭാ ചെയർമാൻ ജീവനക്കാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉണ്ടായ പരസ്പര ധാരണകളാകെ തള്ളിക്കളഞ്ഞുകൊണ്ട് മാധ്യമ ചർച്ചകളിൽ ജീവനക്കാർ ഒപ്പിട്ട് പണിമുടക്കിയെന്ന് പ്രചരണം നടത്തിയെന്നും ജീവനക്കാരുടെ തൊഴിലവകാശത്തെ നിഷേധിക്കുന്ന തരത്തിൽ ഏകാധിപത്യപരമായ സമീപനം കൈക്കൊണ്ട് ജീവനക്കാരുടെ സെപ്റ്റംബർ മാസത്തെ ശമ്പളം നൽകാതെ പിടിച്ചുവെയ്ക്കാൻ നഗരസഭാ സെക്രട്ടറിയിൽ സമ്മർദ്ദം ചെലുത്തിയെന്നും ജീവനക്കാരുടെ ദുരവസ്ഥ മനസ്സിലാക്കി ഒക്ടോബർ 1-ന് നൽകേണ്ട ശമ്പളം 20 ദിവസം വൈകി ഒക്ടോബർ 20-ന് സെക്രട്ടറി ശമ്പളം നൽകിയെന്നും അതിന്റെ പേരിൽ സെക്രട്ടറിയെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് ചെയർമാനും ഭരണസമിതിയും പ്രചരണം നടത്തിയെന്നും സർക്കാർ പദ്ധതികളാകെ അട്ടിമറിയ്ക്കും വിധം ജീവനക്കാരെ ഒന്നടങ്കം

സാമ്പത്തിക വർഷത്തിന്റെ മധ്യത്തിൽ സീറ്റ് മാറ്റി ഓഫീസ് പ്രവർത്തനത്തെയാകെ താളം തെറ്റിക്കുന്ന നിലപാടും സ്വീകരിച്ചെന്നും ആയതിനാൽ ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെട്ട് ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് മേൽ പരാമർശിത പരാതി സർക്കാരിൽ ലഭിച്ചു.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ നഗരസഭയിലെ ജീവനക്കാരുടെ ശമ്പളം തടഞ്ഞ് വച്ചത് സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.എസ്.മോഹൻദാസിനെയും സഹായത്തിനായി അണ്ടർ സെക്രട്ടറി ശ്രീ.വി.എസ്.സന്തോഷിനേയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T K JOSE
PRINCIPAL SECRETARY

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീ.എസ്.മോഹൻദാസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (പരാമർശിത പരാതിയുടെ പകർപ്പ് സഹിതം)
ശ്രീ. വി. എസ്. സന്തോഷ്, അണ്ടർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (പരാമർശിത പരാതിയുടെ പകർപ്പ് സഹിതം)
ചെയർമാൻ, ആലപ്പുഴ നഗരസഭ
സെക്രട്ടറി, ആലപ്പുഴ നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ